ശ്രീ. ടി. കെ. നാരായണപിള്ള : അറിഞ്ഞുകൂടാ.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ : അതിനു കിഴക്കുവശം സ്ഥലമുണ്ടെന്നറിയാമോ.

ശ്രീ. ടി. കെ. നാരായണപിള്ള : അതെല്ലാവക്കും അറിയാം.

ശബരിമല

*നം ൦൨. (ക്രമ) ശ്രീ. കണ്ണാറഗോപാലപ്പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ശബരിമല ഏതു എ. എസ്സ്. പി. യുടെ അധികാരാതൃത്തിയിൽ പെടുത്തിയിരിക്കയാണെന്നു പറയുവാൻ ദയവുണ്ടാകുമോ ;

(ബി) ആ എ. എസ്സ്. പി. യുടെ ആപ്പീസിനും ശബരിമലയുമായുള്ള ദൂരം എത്രയെന്നു പറയുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള :)

(എ) കൊല്ലം എ. എസ്സ്. പി. യുടെ അധികാരാതൃത്തിയിൽ.

(ബി) ഉദ്ദേശം ൯൦ നാഴിക.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ : കോട്ടയം ഡിസ്ട്രിക്ടിൽ എത്ര എ. എസ്സ്. പി. മാർ ഉണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : മൂന്നു നാലുപേർ ഉണ്ടെന്നാണ് ഓർമ്മ.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ : ശബരിമല കോട്ടയം എ. എസ്സ്. പി. യുടെ അധികാരാതൃത്തിയിൽ ഉൾപ്പെടുത്തുന്നതല്ലേ സൗകര്യം.

ശ്രീ. ടി. കെ. നാരായണപിള്ള : അതു സൗകര്യമല്ല.

ഗവണ്മെൻറിനെ പ്രതിയാക്കിയുള്ള കേസ്സ്

*നം ൦൩. (ക്രമ) ശ്രീ. വി. കെ. വറുഗീസ് : താഴെ കാണുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി പറയുമോ.—

ഉദ്യോഗകാലാവധിക്കുമൻപു സർവ്വീസിൽനിന്നും പിരിച്ചുവിട്ട എന്ന കാരണത്താൽ ഗവണ്മെൻറിനെ പ്രതിയാക്കി കേസു കൊടുക്കുന്നു എന്നു കാണിച്ചു് ആരെങ്കിലും വ്യവഹാരനോട്ടീസു ഗവണ്മെൻറിനു് അയച്ചിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള :) ഉണ്ട്.

ശ്രീ. എ. എം. തോമസ് : അതിനു മറുപടി എന്തെങ്കിലും കൊടുത്തിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : ഇല്ല. നോട്ടീസ് റിക്കാർഡ് ചെയ്തു.

ശ്രീ. എ. എം. തോമസ് : ഈ നോട്ടീസ് അയച്ചിട്ടുള്ളതു് ആരാണെന്നു് പറയുമോ?

ശ്രീ. ടി. കെ. നാരായണപിള്ള : നിർബ്ബന്ധമാണെങ്കിൽ പറയാം. ശ്രീ. പി. സി. ചാണ്ടിയാണു്.

ശമ്പളവ്യത്യാസം

*നം ൦൪. (ക്രമ) ശ്രീ. വി. കെ. വറുഗീസ് : താഴെ കാണുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടിപറയുമോ.—

തിരുവിതാംകൂർ ഡിവിഷനിലേയും, കൊച്ചി ഡിവിഷനിലേയും ജഡ്ജിമാർ, മുൻസിപ്പന്മാർ ഇവരുടെ ശമ്പളത്തിൽ വ്യത്യാസം ഉണ്ടോ എന്നും, ഉണ്ടെങ്കിൽ അതു് എങ്ങിനെയാണെന്നും ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ പറയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള :) ഉണ്ട്. ശമ്പളസ്കെയിലിനെ സംബന്ധിച്ച സ്റ്റേറ്റുമെണ്ട് ഞാൻ വായിക്കാം.

Erstwhile Travancore State		Erstwhile Cochin State	
District Judges		District Judges	Rs. 500-600
I grade	Rs. 800	Additional Judges	Rs. 400-500
II grade	Rs. 450-750	Special Judge	Rs. 400
Second and Additional Sessions Judges	Rs. 350-450	Munsiffs and Additional Munsiffs	Rs. 250-350
District Munsiffs and Additional Munsiffs			
I grade	Rs. 275-325		
II do.	Rs. 225-275		
III do.	Rs. 175-225		

ശ്രീ. വി. കെ. വേലായുധൻ : തിരുവിതാംകൂറിൽ നിയമിച്ച ജഡ്ജിമാർ കൊച്ചിയിലും കൊച്ചിയിൽ നിയമിച്ച ജഡ്ജിമാർ തിരുവിതാംകൂറിലും ഇപ്പോൾ ജോലി ചെയ്യുന്നതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ ഉണ്ട്.

ശ്രീ. കെ. ടി. അച്യുതൻ : ശമ്പളസ്കെയിലിൽ ഏകീകരണം വരുത്താൻ ആലോചനയുണ്ടോ?

ശ്രീ. ടി കെ. നാരായണപിള്ള : ഉണ്ട്.

ആയുർവ്വേദം

*൩൦൪. (൨൯) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മെഡിക്കൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ആയുർവ്വേദവൈദ്യന്മാരുടെ ശമ്പളക്രമം എങ്ങനെ;

(ബി) ഗവണ്മെണ്ട് നേരിട്ട് നടത്തുന്ന ആയുർവ്വേദാശുപത്രികൾ ഏതെല്ലാം?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജോൺ :) (എ) ആയുർവ്വേദവൈദ്യന്മാരുടെ ശമ്പളക്രമം താഴെ ചേർക്കുന്നു.

തിരുവിതാംകൂർ ഡിവിഷൻ		കൊച്ചി ഡിവിഷൻ	
ഗ്രേഡ്	തസ്തികയുടെ എണ്ണം	ഗ്രേഡ്	തസ്തികയുടെ എണ്ണം
൧൫ ൪—൧൭ ൪	൫	൧൪ ൪ ൦—൩൪ ൪ ൦	൫
൫ ൦ ൦—൫൧ ൪	൩	൫൪ ൦—൧൮ ൦ ൦	൫
൨൧ ൦—൫൦ ൦	൩	൯ ൦—൨൧ ൦	൭
൯ ൪— ൭ ൪	൩൨	൩൦ ൦— ൩൨ ൦	൫൩
൩൪ ൦— ൯ ൪	൫൯	൨൧ ൦—൫൦ ൪ ൪	൩
൧൪ ൪— ൩൪ ൦	൫	൧൪ ൪— ൯ ൦	൪൫
		൧൪ ൪	൫

(ബി) താഴെ പേർ പറയുന്ന ആശുപത്രികൾ ഗവണ്മെണ്ട് നേരിട്ട് നടത്തുന്നവയാണ്.

LIBRARY ARCHIVES Kerala Legislative Assembly